180 (1784) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ അനുവദിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര കമ്മ്യൂണിറ്റി സെന്ററുകൾ ഉണ്ട്;

(സി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കമ്മ്യൂണിറ്റി സെന്ററുകൾ ഇല്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൃശ്ശൂർ ജില്ലയിലെ ഏറ്റവും പഴക്കംചെന്നതും ജനസാന്ദ്രത ഉള്ളതുമായ എരുമപ്പെട്ടിയിലെ ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ധനലഭ്യതയ്ക്കു വിധേയമായി ഘട്ടംഘട്ടമായാണ് സി.എച്ച്.സികളായി ഉയർത്തുന്നത്. അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് ബ്ലോക്ക്തലത്തിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയും ഗവൺമെന്റ് ആശുപത്രികളെയുമാണ് ഇപ്രകാരം ഉയർത്തുന്നത്.

(ബി) 9 എണ്ണം

(സി) ഉണ്ട്.

(ഡി) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി ഈ സാമ്പത്തിക വർഷം 25 സ്ഥാപനങ്ങൾ മാത്രമേ സി.എച്ച്.സികളാക്കി ഉയർത്തുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇക്കൂട്ടത്തിൽ എരുമപ്പെട്ടിയിലെ ഹെൽത്ത് സെന്റർ ഉൾപ്പെടുന്നില്ല.

181 (1785) തൈക്കാട് ആശുപത്രി കെട്ടിട നിർമ്മാണം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 150 കിടക്കകളോടുകൂടിയ പുതിയ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണ്;

(ബി) ഇതിന്റെ പണികൾ എത്രത്തോളം പൂർത്തിയായി; ഇപ്പോൾ കെട്ടിടം പണി നടക്കുന്നുണ്ടോ; ഇതുവരെ ചെലവഴിച്ച തുക എത്രയാണ്;

(സി) ഇപ്പോൾ പണി നടക്കുന്നില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പുതിയ മന്ദിരത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൊതുമരാമത്തു വകുപ്പുമായി ആലോചിച്ച് ത്വരിതപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly